# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4869 | 24.07.2015 -ൽ മറുപടിക്ക്

## തെരുവുനായകളാൽ ആക്രമിക്കപ്പെടുന്നവർക്കുള്ള ചികിത്സയ്ക്കും മരുന്നിനുമായി ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പട്ടികടിയേറ്റ് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ ചികിത്സയ്ക്കും മരുന്നിനുമായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര തുക ചെലവാകുന്നുവെന്നും, സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്തതുമൂലം സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്ന വാങ്ങുന്നവർ എത്ര എന്നും വർഷം തിരിച്ച് വിശദമാക്കുമോ ; | (എ) പട്ടി കടിയേറ്റവർക്ക് നൽകുന്ന മരുന്നുകൾക്ക് 2011 മുതൽ 2015 വരെ ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br>സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്തതു മൂലം സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് മരുന്ന് വാങ്ങുന്നവരുടെ എണ്ണം ആരോഗ്യ വകുപ്പിൽ ലഭ്യമല്ല. |
| (ബി) നീതി മെഡിക്കൽ സ്റ്റോർ, ആരോഗ്യ വകുപ്പിനു കീഴിലെ മെഡിക്കൽ സ്റ്റോറുകൾ, കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ പട്ടികടിയേറ്റവർക്ക് ലഭ്യമാക്കുന്ന മരുന്നുകളും അവയുടെ വിലയും എത്ര എന്നും ഇവയ്ക്ക് സ്വകാര്യ മെഡിക്കൽ സ്റ്റോറിലെ വില എത്ര എന്നും വ്യക്തമാക്കുമോ ; | (ബി) പട്ടി കടിയേറ്റവർക്ക് നൽകുന്ന മരുന്നുകൾ ആന്റീ റാബീസ് വാക്സിനും ഇക്യൂൻ ആന്റി റാബീസ് ഇമ്മ്യൂണോ ഗ്ലോബലിനുമാണ്. ആന്റീ റാബീസ് വാക്സിന്റെ വില നീതി മെഡിക്കൽ സ്റ്റോറിൽ 277/- രൂപയും ആരോഗ്യ വകുപ്പിനു കീഴിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ (ആശുപത്രി വികസന സമിതി നടത്തുന്ന സ്റ്റോറുകൾ) 286/- രൂപയും കാരുണ്യ മെഡിക്കൽ സ്റ്റോറിൽ 258/- രൂപയുമാണ്. ഈ മരുന്നിന് സ്വകാര്യ മെഡിക്കൽ സ്റ്റോറിൽ 318/- രൂപയാണ് വില. ഇക്യൂൻ ആന്റി റാബീസ് ഇമ്മ്യൂണോ ഗ്ലോബലിന് നീതി മെഡിക്കൽ സ്റ്റോറിൽ 565/- രൂപയും ആരോഗ്യ വകുപ്പിനു കീഴിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ (ആശുപത്രി വികസന സമിതി നടത്തുന്ന സ്റ്റോറുകൾ) 585/- രൂപയും കാരുണ്യ മെഡിക്കൽ സ്റ്റോറിൽ 320/- രൂപയുമാണ് വില. ഈ മരുന്നിന് സ്വകാര്യ മെഡിക്കൽ സ്റ്റോറിൽ 650/- രൂപയാണ് വില. |

(.....2)

| | |
|---|---|
| (സി) കോടതി വിധി പ്രകാരം ഉത്തരാഖണ്ഡ് സംസ്ഥാനത്ത് പട്ടികടിയേല്ക്കുന്ന വർക്ക് രണ്ടുലക്ഷം രൂപ നഷ്ട പരിഹാരം നൽകുന്നത് പരിശോധിച്ച് സംസ്ഥാനത്ത് പട്ടികടിയേല്ക്കുന്ന വർക്കും നഷ്ട പരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ ; | (സി) ഇത് ആരോഗ്യവകുപ്പിന്റെ പരിഗണനയിൽ വരുന്ന വിഷയമല്ല. മറ്റ് വകുപ്പുകളുമായി ചേർന്ന് പരിശോധിക്കുന്നതാണ്. |
| (ഡി) തെരുവുനായകൾ മനുഷ്യജീവന് ഭീഷണിയായാൽ അവയെ കൊല്ലാം എന്ന നിയമസെക്രട്ടറിയുടെ അഭിപ്രായം ആരോഗ്യവകുപ്പും ക്യാബിനറ്റും പരിശോധിച്ച് അതിനായി നടപടി യെടുക്കുമോ ; അല്ലെങ്കിൽ ആക്രമണത്തിന് ഇരയാകുന്നവർക്ക് വൈദ്യ സഹായവും നഷ്ടപരിഹാരവും ഉറപ്പു വരുത്താൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | (ഡി) നായ കടിയേൽക്കുന്നവർക്ക് സൗജന്യ ചികിത്സ സർക്കാർ ആശുപത്രികളിൽ നൽകിവരുന്നുണ്ട്. |
| (ഇ) തെരുവുനായകളാൽ ആക്രമിക്കപ്പെടുന്ന വർക്കുള്ള ചികിത്സയ്ക്കും മരുന്നിനും നഷ്ടപരിഹാരത്തിനുമായി നിലവിലെ കേന്ദ്രസർക്കാർ എത്ര സഹായം അനുവദിച്ചു എന്നും ഇല്ല എങ്കിൽ പ്രസ്തുത സഹായം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടുവോ എന്നും ഇല്ല എങ്കിൽ ആവശ്യപ്പെടാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ? | (ഇ) തെരുവ് നായകളാൽ ആക്രമിക്കപ്പെടുന്ന വർക്കുള്ള മരുന്നുകൾ വാങ്ങുവാൻ കേന്ദ്ര സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ